**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി- അനന്തരാവകാശികൾ തമ്മിലുള്ള അവകാശ തർക്കം മൂലം പ്രകാരം ധനുവച്ചപുരം ഐ.ടി.ഐ.യിൽ സ്വീപ്പർ തസ്തികയിൽ സേവനത്തിലിരിക്കെ 14/01/1996 ൽ മരണപ്പെട്ട കെ.തമ്പിയുടെ മകൻ ആയ ശ്രീ.സതീഷ്.എ.ടി ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(കൈ) നം.26/2023/LBR  തീയതി,തിരുവനന്തപുരം, 05-08-2023

---

പരാമർശം:- 1. സ.ഉ (അ) നം.12/99/പി&എ.ആർ.ഡി, തീയതി 24/05/1999.

2. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 18/05/2004 ലെ 6678/ഉപസി2/2004 നം സർക്കുലർ.

3. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 07/04/2022 ലെ ഉപ.സി.2/88/2022/ഉഭപവ സർക്കുലർ

4. ശ്രീ.സതീഷ്.എ.ടി 04/01/2021 ൽ ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷ

5. ട്രെയിനിംഗ് ഡയറക്ടറുടെ 22/05/2023 തീയതിയിലെ ഡി.ടി/1284/2021-എ9 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വ്യാവസായിക പരിശീലന വകുപ്പിൽ ധനുവച്ചപുരം ഐ.ടി.ഐയിൽ സ്വീപ്പർ തസ്തികയിൽ സേവനത്തിലിരിക്കെ 14/01/1996 ൽ മരണപ്പെട്ട കെ.തമ്പിയുടെ മകനായ ശ്രീ.സതീഷ്.എ.ടി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിനായി പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (5) ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം മരണപ്പെട്ട കെ.തമ്പിയുടെ കെ.തമ്പിയുടെ നിയമാനുസൃത അനന്തരാവകാശികൾ താഴെപ്പറയുന്നവർ ആണ്.

| ക്രമ.നം | പേര് | വയസ് | ബന്ധം |
|---|---|---|---|
| 1 | കെ.സുധ എന്ന സുഭദ്ര.കെ.തമ്പി | 75 | ഭാര്യ |
| 2 | ടി.പ്രസാദ് | 55 | മകൻ |
| 3 | ടി.പ്രകാശ് | 53 | മകൻ |

| | | | |
|---|---|---|---|
| 4 | ടി.സന്തോഷ് | 51 | മകൻ |
| 5 | ടി.വിനോദ് | 49 | മകൻ |
| 6 | സുരേഷ്.എ.ടി. | 42 | മകൻ |
| 7 | സതീഷ്.എ.ടി. | 32 | മകൻ |
| 8 | സുജിത്.എ.ടി. | 28 | മകൻ |

3) മേൽപ്പറഞ്ഞ അവകാശികൾ തമ്മിൽ അവകാശ തർക്കം ഉണ്ടായതിനാൽ മേൽ അവകാശികളിലെ കെ.സുധ എന്ന സുഭദ്ര.കെ.തമ്പിയും മക്കളായ ടി.പ്രസാദും ടി.പ്രകാശും ടി.സന്തോഷും ടി.വിനോദും ഹർജിക്കാരായി ബഹുമാനപ്പെട്ട തിരുവനന്തപുരം കുടുംബകോടതി മുൻപാകെ ഫയൽ ചെയ്ത OP No.639/2017 നമ്പർ ഹർജിയിന്മേൽ, മീഡിയേറ്ററുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 30/09/2020-ൽ അന്തിമ വിധിയായിരുന്നു. പ്രസ്തുത കേസിലെ എതിർകക്ഷികൾ അമ്മുക്കുട്ടിയും കെ.തമ്പിയുടെയും അമ്മുക്കുട്ടിയുടെയും മക്കളായ സുരേഷ്.എ.ടി, സതീഷ്.എ.ടി, സുജിത്.എ.ടി. എന്നിവരായിരുന്നു. മീഡിയേറ്ററുടെ റിപ്പോർട്ട് പരിഗണിച്ചുള്ള 30/09/2020-ലെ ബഹുമാനപ്പെട്ട തിരുവനന്തപുരം കുടുംബകോടതിയുടെ അന്തിമ വിധി പ്രകാരം ഏഴാം എതിർകക്ഷിയും മരണപ്പെട്ട കെ.തമ്പിയുടെ മകനുമായ ശ്രീ.സതീഷ്.എ.ടിയ്ക്ക് ആശ്രിതനിയമനം നൽകുന്നതിന് ഇരുകക്ഷികളും തമ്മിൽ ധാരണയായിരുന്നു.

4) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനം സംബന്ധിച്ച പരാമർശം 1-ലെ ഉത്തരവിലെ ഖണ്ഡിക 19-പ്രകാരം സർക്കാർ ഉദ്യോഗസ്ഥൻ സർവ്വീസിലിരിക്കെ മരണമടഞ്ഞാൽ അയാളുടെ ആശ്രിതൻ, ഉദ്യോഗസ്ഥന്റെ മരണശേഷം രണ്ട് വർഷത്തിനുള്ളിലും, ആശ്രിതൻ പ്രായപൂർത്തിയാകാത്ത ആളാണെങ്കിൽ പ്രായപൂർത്തിയായി മൂന്നു വർഷത്തിനുള്ളിലും ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിരിക്കണം. അപേക്ഷകനായ ശ്രീ.സതീഷ്.എ.ടിയുടെ ജനനത്തീയതി 21/02/1990 ആണ്. പരാമർശം 1-ലെ ഉത്തരവിലെ ഖണ്ഡിക 19-പ്രകാരം 22/02/2011-നു മുൻപായിരുന്നു (പ്രായപൂർത്തിയായി മൂന്നു വർഷം തികഞ്ഞ തീയതി) ആശ്രിത നിയമനത്തിനായി ടിയാൻ അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നത്. എന്നാൽ മരണപ്പെട്ട തമ്പിയുടെ സന്തതികൾ തമ്മിൽ രണ്ട് വിഭാഗങ്ങളായി തിരിഞ്ഞു അവകാശ തർക്കം നിലനിൽക്കുകയും OP No.639/2017 നമ്പർ ഹർജിയിന്മേൽ, മീഡിയേറ്ററുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 30/09/2020-ലെ അന്തിമ വിധി പ്രകാരം അവകാശതർക്കം തീർപ്പാക്കുകയും ശ്രീ.സതീഷ്.എ.ടിയ്ക്ക് ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിക്കുവാൻ അനുമതി ലഭിക്കുകയും ചെയ്തു. തുടർന്ന് പരാമർശം (4) പ്രകാരം 04/01/2021-ൽ ശ്രീ.സതീഷ്.എ.ടി ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിച്ചു. അനന്തരാവകാശികൾ തമ്മിൽ അവകാശ തർക്കം നിലനിന്നിരുന്നതിനാലും അത് തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടായതിനാലുമാണ് ടിയാൻ ആശ്രിതനിയമനത്തിന് അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായത്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വ്യാവസായിക പരിശീലന വകുപ്പിൽ ധനുവച്ചപുരം ഐ.ടി.ഐ.യിൽ സ്വീപ്പർ തസ്തികയിൽ സേവനത്തിലിരിക്കെ 14/01/1996ൽ മരണപ്പെട്ട കെ.തമ്പിയുടെ സന്തതികൾക്കിടയിൽ നിലനിന്ന അവകാശ തർക്കം സംബന്ധിച്ച OP No. 639/2017 നമ്പർ ഹർജി ബഹു. കുടുംബകോടതി 30/09/2020-ൽ അന്തിമ വിധി പ്രകാരമാണ് പരിഹരിച്ചത് എന്ന വസ്തുത പരിഗണിച്ച് സേവനത്തിലിരിക്കെ മരണപ്പെട്ട കെ.തമ്പിയുടെ മകനും ആശ്രിതനുമായ ശ്രീ.സതീഷ്.എ.ടി ആശ്രിതനിയമനത്തിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിന് 04/01/2021-വരെയുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ.ഉ.(കൈ) നം.26/2023/LBR

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ. സതീഷ്. എ.റ്റി, കാക്കത്തോട്ടം ഹരിജൻ കോളനി, ചാവടി, പുല്ലുവിള. പി.ഒ
പൊതു ഭരണ (എസ്.സി) വകുപ്പ്(ഇനം നം.1700, തീയതി 02/08/2023)
വിവര പൊതുജന സമ്പർക്ക വകുപ്പ്
(ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Usharani L
Date: 05-08-2023 17:42:58
സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-08-2023

ഫയൽ നം. സി4/142/2022/തൊഴിൽ. ഇനം നം: 1700

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - അനന്തരാവകാശികൾ തമ്മിലുള്ള അവകാശ തർക്കം മൂലം സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം വ്യാവസായിക പരിശീലന വകുപ്പിൽ ആശ്രിത നിയമനത്തിനായി ശ്രീ. സതീഷ്.എ. ടി. അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

Scanned by CamScanner

1700

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | C4/142/2022/തൊഴിൽ |
| 2.വകുപ്പ് | തൊഴിലും നൈപുണ്യവും (സി) വകുപ്പ് |
| 3.വിഷയം | അനന്തരാവകാശികൾ തമ്മിലുള്ള അവകാശ തർക്കം മൂലം സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം വ്യാവസായിക പരിശീലന വകുപ്പിൽ ആശ്രിത നിയമനത്തിനായി ശ്രീ.സതീഷ്.എ.ടി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത് സംബന്ധിച്ച്. |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 12/07/2023 |
| 5. (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അല്ല<br>ഇല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതെ |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. എൻ. കെ. ചന്ദ്ര |
| 8. കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ.അജിത് കുമാർ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 27/07/2023 |
| 10.കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വേണു.വി |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 31/07/2023 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. വി.ശിവൻകുട്ടി |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 31/07/2023 |
| 14.കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 1/8/2023 |
| 15.മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 02/08/2023 |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

1

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1)വ്യാവസായിക പരിശീലന വകുപ്പിൽ ധനുവച്ചപുരം ഐ.ടി.ഐയിൽ സ്വീപ്പർ തസ്തികയിൽ സേവനത്തിലിരിക്കെ 14/01/1996 ൽ മരണപ്പെട്ട കെ.തമ്പിയുടെ മകൻ ആയ ശ്രീ.സതീഷ്.എ.ടി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2)വ്യാവസായിക പരിശീലന വകുപ്പിൽ ധനുവച്ചപുരം ഐ.ടി.ഐയിൽ സ്വീപ്പർ തസ്തികയിൽ സേവനത്തിലിരിക്കെ കെ.തമ്പി 14/01/1996 ൽ മരണപ്പെട്ടുകയുണ്ടായി. അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം കെ.തമ്പിയുടെ നിയമാനുസൃത അനന്തരാവകാശികൾ താഴെപ്പറയുന്നവർ ആണ്.

| ക്രമ. നം | പേര് | വയസ് | ബന്ധം |
|---|---|---|---|
| 1 | കെ.സുധ എന്ന സുഭദ്ര.കെ.തമ്പി | 75 | ഭാര്യ |
| 2 | ടി.പ്രസാദ് | 55 | മകൻ |
| 3 | ടി.പ്രകാശ് | 53 | മകൻ |
| 4 | ടി.സന്തോഷ് | 51 | മകൻ |
| 5 | ടി.വിനോദ് | 49 | മകൻ |
| 6 | സുരേഷ്.എ.ടി. | 42 | മകൻ |
| 7 | സതീഷ്.എ.ടി. | 32 | മകൻ |
| 8 | സുജിത്.എ.ടി. | 28 | മകൻ |

3)മേൽപ്പറഞ്ഞ അവകാശികൾ തമ്മിൽ അവകാശ തർക്കം ഉണ്ടായതിനാൽ മേൽ അവകാശികളിലെ കെ.സുധ എന്ന സുഭദ്ര.കെ.തമ്പിയും മക്കളായ ടി.പ്രസാദും ടി.പ്രകാശും ടി.സന്തോഷും ടി.വിനോദും ഹർജിക്കാരായി ബഹുമാനപ്പെട്ട തിരുവനന്തപുരം കുടുംബകോടതി മുൻപാകെ ഫയൽ ചെയ്ത OP No.639/2017 നമ്പർ ഹർജിയിന്മേൽ, മീഡിയേറ്ററുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 30/09/2020-ൽ അന്തിമ വിധിയായിരുന്നു. പ്രസ്തുത കേസിലെ എതിർകകക്ഷികൾ അമ്മുക്കുട്ടിയും കെ.തമ്പിയുടെയും അമ്മുക്കുട്ടിയുടെയും മക്കളായ സുരേഷ്.എ.ടി, സതീഷ്.എ.ടി, സുജിത്.എ.ടി. എന്നിവരുമായിരുന്നു. മീഡിയേറ്ററുടെ റിപ്പോർട്ട് പരിഗണിച്ചുള്ള 30/09/2020-ലെ ബഹുമാനപ്പെട്ട തിരുവനന്തപുരം കുടുംബകോടതിയുടെ അന്തിമ വിധി പ്രകാരം ഏഴാം എതിർകക്ഷിയും മരണപ്പെട്ട കെ.തമ്പിയുടെ മകനുമായ ശ്രീ.സതീഷ്.എ.ടിയ്ക്ക് ആശ്രിതനിയമനം നൽകുന്നതിന് ഇരുകക്ഷികളും തമ്മിൽ ധാരണയായിട്ടുണ്ട്.

4)സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനം സംബന്ധിച്ച 24/5/1999 ലെ സ.ഉ.(അ)നം.12/99/ഉഭപവ നമ്പർ ഉത്തരവിലെ ഖണ്ഡിക 19-പ്രകാരം സർക്കാർ ഉദ്യോഗസ്ഥൻ സർവ്വീസിലിരിക്കെ മരണമടഞ്ഞാൽ അയാളുടെ ആശ്രിതൻ, ഉദ്യോഗസ്ഥന്റെ മരണശേഷം രണ്ട് വർഷത്തിനുള്ളിലും, ആശ്രിതൻ പ്രായപൂർത്തിയാകാത്ത ആളാണെങ്കിൽ പ്രായപൂർത്തിയായി മൂന്നു വർഷത്തിനുള്ളിലും ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിരിക്കണം. അപേക്ഷകനായ ശ്രീ.സതീഷ്.എ.ടിയുടെ ജനനത്തീയതി 21/02/1990 ആണ്. ആയത് പ്രകാരം 24/5/1999 ലെ സ.ഉ.(അ)നം.12/99/ഉഭപവ നമ്പർ ഉത്തരവിലെ ഖണ്ഡിക

19-പ്രകാരം 22/02/2011-ന് മുൻപായിരുന്നു (പ്രായപൂർത്തിയായി മൂന്നു വർഷം തികഞ്ഞ തീയ്യതി) ആശ്രിത നിയമനത്തിനായി ടിയാൻ അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നത്. എന്നാൽ മരണപ്പെട്ട തമ്പിയുടെ സന്തതികൾ തമ്മിൽ രണ്ട് വിഭാഗങ്ങളായി തിരിഞ്ഞു അവകാശ തർക്കം നിലനിൽക്കുകയും OP No.639/2017 നമ്പർ ഹർജിയിന്മേൽ, മീഡിയേറ്ററുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 30/09/2020-ലെ അന്തിമ വിധി പ്രകാരമാണ് അവകാശതർക്കം തീർപ്പായതും ശ്രീ.സതീഷ്.എ.ടി ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിക്കുവാൻ അനുമതി ലഭ്യമായതും. തുടർന്ന് 04/01/2021-ൽ ശ്രീ.സതീഷ്.എ.ടി ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ടി കേസിൽ ടിയാൻ ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിൽ 24/5/1999 ലെ സ.ഉ.(അ)നം.12/99/ഉഭപവ നമ്പർ ഉത്തരവിൽ അനുശാസിക്കുന്നതിൽ കൂടുതലായുണ്ടായ കാലതാമസം മാപ്പാക്കേണ്ടതുണ്ടോ എന്നതിലും അനന്തരാവകാശ സാക്ഷ്യപത്രം ഇല്ലാതെയും ഈ അപേക്ഷ പരിഗണിക്കാവുന്നതാണോ എന്നതിലും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

**"24/05/99 ലെ സ.ഉ.(പി) നം.12/99/P&ARD ഉത്തരവിലെ ഖണ്ഡിക 20 പ്രകാരം ആശ്രിത നിയമന അപേക്ഷയോടൊപ്പം കർശനമായും ഉൾപ്പെടുത്തേണ്ട രേഖയാണ് legal heirship certificate. മീഡിയേഷന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള Decree യുടെ അടിസ്ഥാനത്തിൽ legal heirship certificate ഒഴിവാക്കാമോ എന്നത് സംബന്ധിച്ച് ഭരണ വകുപ്പ് നിയമ വകുപ്പിന്റെ അഭിപ്രായം തേടേണ്ടതാണ്.**

18/05/2004 ലെ 6678/ഉപസി2/2004 സർക്കുലർ പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിൽ രണ്ടു വർഷത്തിൽ കൂടുതൽ കാലതാമസം ഉണ്ടാകുന്നുവെങ്കിൽ ഒരു കാരണവശാലും അത് ക്യാബിനറ്റ് മുമ്പാകെ കൊണ്ടു വരാൻ പാടില്ലായെന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്. ടി നിർദ്ദേശം 07/04/2022 ലെ ഉപ.സി.2/88/2022/ഉഭപവ സർക്കുലർ പ്രകാരം തക്കതായ കാരണങ്ങൾ ഇല്ലാതെ മന്ത്രിസഭ മുമ്പാകെ കൊണ്ടു വരാൻ പാടില്ലായെന്നു ഭേദഗതി വരുത്തിയിട്ടുണ്ട്. ഈ കേസിൽ അവകാശ തർക്കം നില നിന്നിരുന്ന സാഹചര്യത്തിലാണ് അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായതെന്ന് കാണുന്നു. ടി വസ്തുത കൂടി പരിഗണിച്ചുകൊണ്ട് ഭരണ വകുപ്പിന് കാലതാമസം മാപ്പാക്കുന്നതിൽ തീരുമാനമെടുക്കാവുന്നതാണ്."

5)ഇക്കാര്യത്തിൽ നിയമ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

"ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച Shivamurthy Vs. State of Andhra Pradesh & Ors. (C.A No.4210/2003)എന്ന വിധിന്യായത്തിൽ സമാശ്വാസ തൊഴിൽ ദാനം എന്നത് ഒരു അവകാശമല്ല എന്നും, ആയത് അസാധാരണമായ പരിതസ്ഥിതിയിൽ നിലവിലുള്ള നിയമന രീതിയിൽ നിന്നും വ്യത്യസ്തമായ രീതിയിൽ നടത്തുന്ന ഒരു നിയമന പ്രക്രിയയാണെന്നും, ആയത് ബന്ധപ്പെട്ട തൊഴിൽ ദാന

പദ്ധതിയിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ച് മാത്രമേ നടപ്പിലാക്കാവൂ എന്നു വ്യക്തമാക്കിയിട്ടുള്ളതാണ്. ആശ്രിതനിയമനം കുടുംബക്കോടതിയുടെ അധികാരപരിധിക്കു പുറത്തുവരുന്ന വിഷയമായതിനാലും കൂടാതെ രാജി ഹർജിയിൽ തീർപ്പാക്കിയിട്ടുള്ള വിഷയങ്ങൾ ഇരു കക്ഷികൾക്കു മാത്രം ബാധകമായതിനാലും ആശ്രിത നിയമനത്തിനു പ്രത്യേകം ഉത്തരവ് നിലവിലുള്ളതിനാലും ആശ്രിത നിയമന നടപടിക്രമം സംബന്ധിച്ച് 24/05/99 ലെ സ.ഉ.(പി) നം.12/99/P&ARD ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള രേഖകൾ ഹാജരാക്കാൻ നിർദേശം നൽകാവുന്നതാണ് എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

6)നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് Legal heirship certificate അപേക്ഷകൻ ലഭ്യമാക്കുകയുണ്ടായി. അനന്തരാവകാശികൾ തമ്മിൽ അവകാശ തർക്കം നില നിന്നിരുന്നതിനാലും അത് തീർപ്പാക്കുന്നതിലുമുള്ള കാലതാമസവും മൂലമാണ് മരണപ്പെട്ട കെ.തമ്പിയുടെ മകനും ആശ്രിതനുമായ ശ്രീ.സതീഷ്.എ.ടി സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായത് എന്ന വസ്തുത പരിഗണിച്ച് ശ്രീ.സതീഷ്.എ.ടി ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യ മന്ത്രി ഉത്തരവിടുകയുണ്ടായി

## തീരുമാനിക്കേണ്ട വിഷയം

വ്യാവസായിക പരിശീലന വകുപ്പിൽ ധനുവച്ചപുരം ഐ.ടി.ഐയിൽ സ്വീപ്പർ തസ്തികയിൽ സേവനത്തിലിരിക്കെ 14/01/1996ൽ മരണപ്പെട്ട കെ.തമ്പിയുടെ സന്തതികൾക്കിടയിൽ നിലനിന്ന അവകാശ തർക്കം സംബന്ധിച്ച OP No. 639/2017 നമ്പർ ഹർജി ബഹു.കുടുംബകോടതി 30/09/2020 ൽ അന്തിമ വിധി പ്രകാരമാണ് പരിഹരിച്ചത് എന്ന വസ്തുത പരിഗണിച്ച് സേവനത്തിലിരിക്കെ മരണപ്പെട്ട കെ.തമ്പിയുടെ മകനും ആശ്രിതനുമായ ശ്രീ.സതീഷ്.എ.ടി ആശ്രിതനിയമനത്തിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിന് 04/01/2021- വരെയുണ്ടായ കാലതാമസം മാപ്പാക്കി നൽകാമോ?